# കേരളസർവകലാശാല

നം.പി.ആർ.48/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താനിരുന്ന എം.എ./എം.എസ്.സി./എം.കോം. പരീക്ഷ മാറ്റി

കേരളസർവകലാശാല ഫെബ്രുവരി 25 ന് നടത്താനിരുന്ന എം.എ./എം.എസ്.സി./എം. കോം. നാലാം സെമസ്റ്റർ ജനുവരി 2021 സ്പെഷ്യൽ പരീക്ഷ മാർച്ച് 5 ന് രാവിലെ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2020 ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അഡ്മിഷൻ – മാർച്ച് 1 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ് /എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും പുതുതായി അനുവദിച്ച 7 കോഴ്സുകളിലേക്കും ജനറൽ/മറ്റ് സംവരണ/ കമ്മ്യൂണിറ്റി ക്വാട്ട വിഭാഗങ്ങൾക്ക് എസ് എൻ കോളേജ് കൊല്ലത്ത് വച്ച് മാർച്ച് 1 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

പുതുതായി അനുവദിച്ച കോഴ്സുകളുടെയും കോളേജുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | കോളേജ് | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | എസ് എൻ കോളേജ്, ചെങ്ങന്നൂർ | M.A Economics (Behavioural Economics and Data Science) | 20 |
| 2 | എസ് എൻ കോളേജ്, ചാത്തന്നൂർ | M.Sc Chemistry (Conventional Programme) | 12 |
| 3 | സെന്റ് ജോസഫ് കോളേജ് ഫോർ വുമൺ, ആലപ്പുഴ | M.Sc Chemistry with specialisation in Drug Design and Development | 12 |
| 4 | സെന്റ് ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര | M.Sc Zoology with specialisation in Biosystematics and Biodiversity | 12 |
| 5 | എം.എസ് .എം കോളേജ്, കായംകുളം | M.Sc Statistics with specialisation in Data Analytics | 12 |
| 6 | ശ്രീ സത്യ സായി കോളേജ് , തോന്നയ്ക്കൽ | M.Sc Physics with specialisation in Space Physics | 12 |
| 7 | സെന്റ് സ്റ്റീഫൻസ് കോളേജ്, പത്തനാപുരം | M.Sc Botany with specialisation in Ethno Botany and Ethno Pharmacology | 12 |

വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെയാണ്. മേൽ പറഞ്ഞ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട്

അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളൂ.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2020
## പുതുതായി അനുവദിച്ച രണ്ട് കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ – മാർച്ച് 1 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള രണ്ട് എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിച്ച ഒന്നാം വർഷ ബിരുദ കോഴ്സുകളിലേക്ക് ജനറൽ/മറ്റ് സംവരണ/ കമ്മ്യൂണിറ്റി ക്വാട്ട വിഭാഗങ്ങൾക്ക് സെന്റ് സിറിൽസ് കോളേജ് അടൂരിൽ മാർച്ച് 1-ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

പുതുതായി അനുവദിച്ച കോഴ്സുകളുടെയും കോളേജുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നമ്പർ | കോളേജ് | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | സെന്റ് സിറിൽസ് കോളേജ് അടൂർ | B.Sc Mathematics and Computer Application | 30 |
| 2 | ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂർ | BBA Logistics | 50 |

താൽപ്പര്യമുള്ള വിദ്യാർത്ഥികൾ സെന്റ് സിറിൽസ് കോളേജ് അടൂരിൽ രാവിലെ 10 മണിക്ക് മുമ്പായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പടെ) നേരിട്ട് ഹാജാരാകേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്കും ഈ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്കു 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

പ്രസ്തുത കോളേജുകളിലെ ഓരോ വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ടൈംടേബിൾ</u>

കേരളസർവകലാശാല മാർച്ച് 19 ന് ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.ബി. എ. (വിദൂരവിദ്യാഭ്യാസം - 2018 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മാർച്ച് 19 ന് ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്. സി. മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 & 2018 അഡ്മിഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മാർച്ച് 10 ന് ആരംഭിക്കുന്ന പാർട്ട് ഒന്ന്, പാർട്ട് രണ്ട് ബി.കോം. ആന്വൽ സ്കീം പ്രൈവറ്റ്, എസ്.ഡി.ഇ. ആന്റ് സപ്ലിമെന്ററി പരീക്ഷയുടെ (ഏപ്രിൽ 2020 ആന്റ് സെപ്റ്റംബർ 2020 സെഷനുകൾ), മാർച്ച് 19 മുതൽ ആരംഭിക്കുന്ന ബി.കോം. എസ്. ഡി.ഇ. മൂന്നും നാലും സെമസ്റ്റർ എന്നീ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷാസമയം രാവിലെ 9.30 മുതൽ 12.30 വരെ. പരീക്ഷാകേന്ദ്രങ്ങളിലുള്ള മാറ്റം പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മാർച്ച് 2 ന് ആരംഭിക്കുന്ന ബി.എസ്.സി. ആന്വൽ സ്കീം പാർട്ട് ഒന്ന് ആന്റ് രണ്ട് (കമ്പൈൻഡ് സെഷൻസ് ഓഫ് ഏപ്രിൽ 2020 ആന്റ് ഒക്ടോബർ 2020) മാർച്ച് 2021 പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ.ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കൊല്ലം കരുവേലിൽ തങ്ങൾകുഞ്ഞ് മുസലിയാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ചേർത്തല എസ്.എൻ.കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ.കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എസ്.ഡി.ഇ. കാര്യവട്ടം എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചെമ്പഴന്തി എസ്.എൻ.കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

കൊല്ലം എസ്.എൻ.കോളേജ്, പന്തളം എൻ.എസ്.എസ്.കോളേജ്, കൊല്ലം എഫ്.എം. എൻ.കോളേജ്, അഞ്ചൽ സെന്റ്.ജോൺസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം തങ്ങൾകുഞ്ഞ് മുസലിയാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

ആലപ്പുഴ സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമൻ, ആലപ്പുഴ എസ്.ഡി.കോളേജ്, നങ്ങ്യാർകുളങ്ങര ടി.കെ.എം.എം.കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചേർത്തല എസ്.എൻ.കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2013 സ്കീം ബയോടെക്നോളജി ആന്റ് ബയോകെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "റിയാക്ഷൻ എഞ്ചിനീയറിംഗ് ആന്റ് പ്രോസസ് കൺട്രോൾ ലാബ്" പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 2 ന് പാപ്പനംകോട് ശ്രീചിത്രതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ (എസ്.സി.റ്റി.) വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഏപ്രിൽ 2020 (സപ്ലിമെന്ററി) പരീക്ഷയുടെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ സിവിൽ എഞ്ചിനീയറിംഗ് ലാബ് എന്ന പ്രാക്ടിക്കൽ പരീക്ഷ തിരുവനന്തപുരം ബാർട്ടൻഹിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ വച്ച് മാർച്ച് 8 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഏപ്രിൽ 2020 (സപ്ലിമെന്ററി) പരീക്ഷയുടെ മെക്കാനിക്കൽ സ്ട്രീം – ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ ഓട്ടോ ചാസിസ് ലാബ് എന്ന പ്രാക്ടിക്കൽ പരീക്ഷ പാപ്പനംകോട് ശ്രീചിത്രതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ (എസ്.സി.റ്റി.) വച്ച് മാർച്ച് 4 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഏപ്രിൽ 2020 (സപ്ലിമെന്ററി) പരീക്ഷയുടെ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ പ്രാക്ടിക്കൽ സർവേയിങ് I എന്ന പ്രാക്ടിക്കൽ പരീക്ഷ തിരുവനന്തപുരം കോളേജ് ഓഫ്. എഞ്ചിനീയറിംഗിൽ വച്ച് മാർച്ച് 5 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഡെസർട്ടേഷൻ സമർപ്പിക്കാം

കേരളസർവകലാശാല 2019 – 2021 അദ്ധ്യയന വർഷത്തിലെ നാലാം സെമസ്റ്റർ എം.എസ്ഡബ്ല്യു. ഡിഗ്രി കോഴ്സിന്റെ ഡെസർട്ടേഷൻ സമർപ്പിക്കുന്നതിനുളള അവസാന തീയതി മാർച്ച് 10.

## പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ച് 22 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 3 വരെയും 150 രൂപ പിഴയോടെ മാർച്ച് 6 വരെയും 400 രൂപ പിഴയോടെ മാർച്ച് 9 വരെയും അപേക്ഷിക്കാം.

## യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ് പരീക്ഷാപരിശീലനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, യു.ജി.സി. – നെറ്റ്/ജെ.ആർ.എഫ്. ഹ്യുമാനിറ്റീസ് വിഷയങ്ങളുടെ ജനറൽ പേപ്പറിന് ഓൺലൈൻ പരിശീലനക്ലാസ് സംഘടിപ്പിക്കുന്നു. താൽപ്പര്യമുളള ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലുളള സ്റ്റുഡന്റ്സ് സെന്ററിൽ പ്രവർത്തിക്കുന്ന കേരളസർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുമായി 0471 – 2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.

.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**

**25.02.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** website: **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**